# 21st India – Russia Annual Summit

December 06, 2021

---

**21 മത് ഇന്ത്യ –റഷ്യ വാർഷിക ഉച്ചകോടി**

ഡിസംബർ 06, 2021

1 . പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായുള്ള 21-മത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിക്കായി 2021 ഡിസംബർ 06-ന് റഷ്യൻ ഫെഡറേഷന്റെ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ന്യൂഡൽഹിയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

2.പ്രസിഡൻറ് പുടിനൊപ്പം ഉന്നതതല പ്രതിനിധി സംഘവും പങ്കെടുത്തു. പ്രധാനമന്ത്രി മോദിയും പ്രസിഡന്റ് പുടിനും തമ്മിലുള്ള ഉഭയകക്ഷി ചർച്ചകൾ ഊഷ്മളവും സൗഹൃദപരവുമായ അന്തരീക്ഷത്തിലാണ് നടന്നത്. കൊവിഡ് പകർച്ചവ്യാധി ഉയർത്തുന്ന വെല്ലുവിളികൾക്കിടയിലും ഇരു രാജ്യങ്ങളും തമ്മിലുള്ള 'പ്രത്യേക വിശേഷധികാര നയതന്ത്ര പങ്കാളിത്തത്തിന്റെ' സുസ്ഥിരമായ പുരോഗതിയിൽ ഇരു നേതാക്കളും സംതൃപ്തി രേഖപ്പെടുത്തി.വിദേശ, പ്രതിരോധ മന്ത്രിമാരുടെ 2+2 ഡയലോഗിന്റെ ആദ്യ മീറ്റിംഗും 2021 ഡിസംബർ 6 ന് ന്യൂ ഡൽഹിയിൽ നടന്ന ഇന്റർ ഗവൺമെന്റൽ കമ്മീഷൻ ഓൺ മിലിട്ടറി & മിലിട്ടറി ടെക്ക്നിക്കൽ കോർപ്പറേഷന്റെ യോഗവും അവർ സ്വാഗതം ചെയ്തു.

3. കൂടുതൽ സാമ്പത്തിക സഹകരണത്തിന്റെ ആവശ്യകത നേതാക്കൾ അടിവരയിട്ടു കൂടാതെ ഈ സാഹചര്യത്തിൽ, ദീർഘകാലത്തെക്കുള്ള പ്രവചനാതീതമായ സുസ്ഥിരസാമ്പത്തിക സഹകരണത്തിനുള്ള വളർച്ചയുടെ പുതിയ ചാലകങ്ങൾക്ക് ഊന്നൽ നൽകുകയും ചെയ്തു. അവർ പരസ്പര നിക്ഷേപങ്ങളുടെ മികവിനെ അഭിനന്ദിക്കുകയും പരസ്പരം കൂടുതൽ നിക്ഷേപങ്ങൾക്കായി പ്രതീക്ഷ പുലർത്തുകയും ചെയ്തു. ഇന്റർനാഷണൽ നോർത്ത്-സൗത്ത് ട്രാൻസ്പോർട്ട് കോറിഡോർ (ഐഎൻഎസ്ടിസി), നിർദിഷ്ട ചെന്നൈ-വ്ലാഡിവോസ്റ്റോക്ക് ഈസ്റ്റേൺ മാരിടൈം കോറിഡോർ എന്നിവയിലൂടെയുള്ള ഗതാഗതത്തിന്റെ പങ്ക് ചർച്ചകളിൽ ഇടംപിടിച്ചു.റഷ്യയുടെ വിവിധ പ്രദേശങ്ങൾക്കിടയിൽ, പ്രത്യേകിച്ച് റഷ്യൻ ഫാർ-ഈസ്റ്റുമായി, ഇന്ത്യൻ സംസ്ഥാനങ്ങളുടെ വലിയ അന്തർ-പ്രാദേശിക സഹകരണം ഇരുനേതാക്കളും പ്രതീക്ഷിക്കുന്നു. നിർണായക സമയങ്ങളിൽ ഇരു രാജ്യങ്ങളും പരസ്പരം നൽകുന്ന മാനുഷിക സഹായം ഉൾപ്പെടെ, കോവിഡ് പകർച്ചവ്യാധിയ്ക്കെതിരായ പോരാട്ടത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഉഭയകക്ഷി സഹകരണത്തെ അവർ അഭിനന്ദിച്ചു.

4. പകർച്ചവ്യാധിയ്ക്ക് ശേഷമുള്ള ആഗോള സാമ്പത്തിക വീണ്ടെടുപ്പും അഫ്ഗാനിസ്ഥാനിലെ സാഹചര്യവും ഉൾപ്പെടെയുള്ള പ്രാദേശിക ആഗോള തലങ്ങളിലെ സംഭവവികാസങ്ങൾ നേതാക്കൾ ചർച്ച ചെയ്തു. അഫ്ഗാനിസ്ഥാൻ

സംബന്ധിച്ച് ഇരു രാജ്യങ്ങളും പൊതുവായ കാഴ്ചപ്പാടുകളും ആശങ്കകളും പങ്കുവയ്ക്കുന്നുവെന്ന് avar അംഗീകരിച്ചു കൂടാതെ അഫ്ഗാനിസ്ഥാനുമായി ബന്ധപ്പെട്ട കൂടിയാലോചനകൾക്കും സഹകരണത്തിനുമായി എൻഎസ്എ തലത്തിൽ തയ്യാറാക്കിയ ഉഭയകക്ഷി റോഡ്മാപ്പിനെ അവർ അഭിനന്ദിക്കുകയും ചെയ്തു.പല അന്താരാഷ്ട്ര വിഷയങ്ങളിലും ഇരുപക്ഷവും പൊതുവായ നിലപാടുകൾ പങ്കുവയ്ക്കുന്നുവെന്നും യുഎൻ സുരക്ഷാ കൗൺസിൽ ഉൾപ്പെടെയുള്ള ബഹുരാഷ്ട്ര വേദികളിൽ സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ അനുകൂലിക്കുന്നുവെന്നും അവർ ചൂണ്ടിക്കാട്ടി. ഐക്യ രാഷ്ട്ര സഭ സെക്യൂരിറ്റി കൗൺസിലിലെ ഇന്ത്യയുടെ അസ്ഥിര അംഗത്വത്തിനും 2021-ൽ ബ്രിക്സിന്റെ വിജയകരമായ പ്രസിഡൻസിക്കും പ്രസിഡന്റ് പുടിൻ പ്രധാനമന്ത്രി മോദിയെ അഭിനന്ദിച്ചു. ആർട്ടിക് കൗൺസിലിന്റെ ചെയർമാനായി തുടരുന്ന റഷ്യയെ പ്രധാനമന്ത്രി മോദി അഭിനന്ദിച്ചു.

5. ഇന്ത്യ-റഷ്യ: സമാധാനത്തിനും പുരോഗതിക്കും സമൃദ്ധിക്കും വേണ്ടിയുള്ള പങ്കാളിത്തം എന്ന ശീർഷകത്തിലുള്ള സംയുക്ത പ്രസ്താവന, ഉഭയകക്ഷി ബന്ധത്തിന്റെ അവസ്ഥയും സാധ്യതകളും ഉചിതമായി ഉൾക്കൊള്ളുന്നതാണ്. സന്ദർശനത്തോടനുബന്ധിച്ച്, വ്യാപാരം, ഊർജം, ശാസ്ത്രം, സാങ്കേതികവിദ്യ, ബൗദ്ധിക ആസ്തികൾ, ബഹിരാകാശം, ഭൂമിശാസ്ത്രം,പര്യവേക്ഷണം, സാംസ്കാരിക കൈമാറ്റം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളിലെയും വാണിജ്യപരമായും, മറ്റ് രീതികളിലുള്ളതുമായ സംഘടനകൾ തമ്മിലും ഇരു ഭരണകൂടങ്ങൾ തമ്മിലും നിരവധി കരാറുകളും ധാരണാപത്രങ്ങളും ഒപ്പുവച്ചു. ഇത് നമ്മുടെ ഉഭയകക്ഷി പങ്കാളിത്തത്തിന്റെ ബഹുവിധ സ്വഭാവത്തിന്റെ പ്രതിഫലനമാണ്.

6. 2022-ൽ നടക്കുന്ന 22-മത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിക്കായി റഷ്യ സന്ദർശിക്കാൻ പ്രധാനമന്ത്രി മോദിക്ക് പ്രസിഡന്റ് പുടിൻ ക്ഷണം നൽകുകയും ചെയ്തു .

**ന്യൂ ഡൽഹി**
**ഡിസംബർ 06, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.